**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5970 8.7.2013-ൽ മറുപടിയ്ക്ക്**

## പാൽ,മാംസം,മുട്ട എന്നിവയുടെ സ്വയംപര്യാപ്തത

**ചോദ്യം**

**ശ്രീ.തോമസ് ഉണ്ണിയാടൻ**
**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.റ്റി.യു.കുരുവിള**
**ശ്രീ.സി.എഫ്. തോമസ്**

**ഉത്തരം**

**ശ്രീ.കെ.പി.മോഹനൻ**
**(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി)**

എ) പാൽ,മാംസം,മുട്ട എന്നിവയുടെ സ്വയം പര്യാപ്തതയ്ക്ക് ഈ സർക്കാർ സ്വീകരിച്ചുവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു പല ബൃഹത്പദ്ധതികളും നടപ്പിലാക്കി വരുന്നു. പശു ക്കുട്ടികളെ ശാസ്ത്രീയ രീതിയിൽ പ രിപാലിച്ച് അവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുകയും, അതിലൂടെ കൂടുതൽ പാലുൽപ്പാദനം എന്ന ലക്ഷ്യം നേടുന്നതിനും മൃഗസംരക്ഷണവകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ നടപടി സ്വീകരിച്ചു വരുന്നു.

പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര വികസന വകുപ്പ് ക്ഷീരകർഷകർക്ക് പശു/കിടാരികളെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽ കൃഷിക്ക് ധനസഹായം അനുവദിക്കുന്ന തീറ്റപ്പുൽകൃഷി വികസന പദ്ധതി,കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം, കർഷക ബോധവൽക്കരണ പരിപാടികൾ എന്നീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

മാംസം , മുട്ട എന്നിവയുടെ സ്വയം പര്യാപ്തതയ്ക്കു വേണ്ടി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഗ്രാമം നിറയെ കോഴികൾ പദ്ധതി,കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി, കെപ്കോ ഗ്രാമങ്ങൾ പദ്ധതി, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞു പദ്ധതി, കെപ്കോ നഗരപ്രിയ പദ്ധതി, എസ്.ജി.എസ്.വൈ പദ്ധതി, ആശ്രയ, ഇന്റഗ്രേഷൻ കോഴി

വളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ കൊല്ലം ജില്ലയിലെ കുര്യോട്ടുമലയിലും, കാസർഗോഡ് ജില്ലയിലും ഓരോ ഹൈടെക് ലെയർ ബ്രീഡിംഗ് ഫാം സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

ചാലക്കുടിയിലെ ആധുനിക മാംസസംസ്കരണ ഫാക്ടറിയും, മുണ്ടയാട് ആധുനിക കോഴി സംസ്കരണ പദ്ധതിയും പൂർത്തിയാകുന്ന മുറയ്ക്ക് മാംസത്തിന്റെ ഉല്പാദനത്തിൽ ഒരു പരിധിവരെ സ്വയം പര്യാപ്തത നേടാനാവും എന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ബി) മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) മൃഗസംരക്ഷണ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ഒരു പുതിയ പദ്ധതിയായ "സംരംഭക വികസന പരിപാടി" നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ആഭ്യന്തര പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ആഭ്യന്തര പാലുൽപ്പാദനം ലക്ഷ്യമിട്ട് കേന്ദ്രത്തിന്റെ ധനസഹായത്തോടു കൂടി ഒരു ലക്ഷം കന്നുക്കുട്ടികളെ ദത്തെടുത്തു അവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനു 298.95 കോടി രൂപയുടെ " ഗോവർദ്ധിനി പദ്ധതി" കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

നെതർലാന്റ് അഗ്രോഫുഡ് & ടെക്നോളജി മുഖേന പന്നിവളർത്തലിലൂടെ മാംസ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, അവരുടെ സാങ്കേതിക സഹകരണത്തോടു കൂടി പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു മുള്ള പദ്ധതി പരിഗണനയിലാണ്.

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, അതിലൂടെ മാംസ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ ആട് വികസന ബോർഡ് സ്ഥാപിക്കുന്നതിനുള്ള സാധ്യത വിലയിരുത്തി വരുന്നു.

മൃഗസംരക്ഷണ മേഖലയിൽ

ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ കർഷകർക്ക് പന്നിക്കുഞ്ഞുങ്ങളേയും അവയ്ക്കുള്ള തീറ്റയും സബ്സിഡി നിരക്കിൽ നൽകി വളർത്തി ന്യായ വിലയ്ക്ക് തിരികെ വാങ്ങുന്ന പദ്ധതി എം.പി.ഐ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

Seela

**സെക്ഷൻ ഓഫീസർ**